## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 194** **02.03.2020-ൽ മറുപടിയ്ക്ക്**

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**

എ) സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചത് മൂലം ജനങ്ങൾക്ക് ഉണ്ടായ ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് കൈക്കൊണ്ടതെന്ന് അറിയിക്കുമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ ആദ്യമായി സ്ഥിരീകരിച്ച ഉടൻ തന്നെ ആരോഗ്യമന്ത്രിയടക്കം ഉന്നതതല സംഘം തൃശ്ശൂരിൽ രാത്രി തന്നെ എത്തുകയും, അടിയന്തര അവലോകന ഏകോപന യോഗങ്ങൾ ആരംഭിക്കുകയും ചെയ്തു. ഭദ്രമായ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളുടെ വിപുലമായ ശ്രേണി തന്നെ കൊറോണ രോഗികളെ കിടത്തി ചികിത്സിച്ച ആശുപത്രികളിൽ നടപ്പിലാക്കി. രോഗികളുമായി ഇടപഴകുന്ന സ്റ്റാഫിന് വ്യക്തമായ പരിശീലനം, സന്ദർശകർക്ക് നിയന്ത്രണം, രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ സംശയ നിവാരണവും, കൗൺസിലിംഗ് മുതലായ നടപടികൾ മുൻകൂട്ടിതന്നെ ഒരുക്കി എടുത്ത എല്ലാ നടപടികളും അതീവ സുതാര്യമായി ജില്ലാ ഭരണകൂടം വഴിയും, പത്ര-ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് തത്സമയം എത്തിക്കുകയും ചെയ്തു. കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം വിവിധങ്ങളായ മാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളുടെ സംശയ ദൂരീകരണത്തിനായി സംസ്ഥാനതലത്തിൽ കൺട്രോൾ റൂം, കാൾസെന്റർ നമ്പർ, DISHA – 1056 നമ്പർ എന്നിവ ആവശ്യമായ പരിശീലനത്തോടു കൂടി സജ്ജീകരിച്ചു. ഓരോ ജില്ലയിലും കൺട്രോൾ റൂം സ്ഥാപിച്ച് അതിന്റെ ഫോൺ നമ്പരും പ്രസിദ്ധപ്പെടുത്തി. മാനസിക സമ്മർദ്ദമുണ്ടായാൽ പരിഹരിക്കാൻ 215 കൗൺസിലർമാരുടെ ഒരു സംഘത്തിനെയും നിയോഗിച്ചു.

→

| | | | |
|---|---|---|---|
| ബി) | ആരോഗ്യരംഗത്ത് നാം മുൻപന്തിയിലാണെന്ന് അവകാശപ്പെടുമ്പോഴും, എല്ലാ തരം പുതിയ വൈറസ് ബാധയും സംസ്ഥാനത്ത് ഉണ്ടാകുന്ന കാര്യം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തമായതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധികൾ ആരംഭത്തിലെ തന്നെ നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്. നിപ, കോവിഡ് 19 തുടങ്ങിയ രോഗങ്ങളുടെ വൻതോതിലുള്ള വ്യാപനം തടയുവാൻ സാധിച്ചത് സമയബന്ധിതവും ക്രിയാത്മകവുമായ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ആരോഗ്യ മേഖലയ്ക്ക് സാധിച്ചതിനാലാണ്. |
| സി) | നമ്മുടെ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും നടത്തുന്ന പ്രവർത്തനം ഇത്തരം രോഗങ്ങൾ കൂടുതൽ പേരിലേക്ക് പകരാതിരിക്കുന്നതിനും മരണം ഉണ്ടാകാതിരിക്കുവാനും ഇടയാക്കിയിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ; | സി) | കൊറോണ രോഗത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സന്നദ്ധ പ്രവർത്തകരും, ഡോക്ടർമാരും, നഴ്സുമാരും നടത്തിയ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഏറ്റവും ഗുണപ്രദമായ ഫലം നേടാൻ കഴിഞ്ഞിട്ടുണ്ട്. Isolation ward, ICU, വെന്റിലേറ്റർ സൗകര്യം ഉൾപ്പെടെ രോഗചികിത്സയ്ക്കും രോഗപകർച്ചാ നിയന്ത്രണത്തിനുമായി മെഡിക്കൽ കോളേജ് ജില്ലാ/ജനറൽ ആശുപത്രികളിൽ സൗകര്യമൊരുക്കി. വ്യക്തിഗത സുരക്ഷാ ഉപാധികൾ വളരെ കാര്യക്ഷമമായി ഉപയോഗിക്കുക വഴി രോഗപ്പകർച്ച ഫലപ്രദമായി തടയുവാൻ സാധിച്ചു. വിദേശത്തു നിന്നും, കൊറോണ ബാധിത പ്രദേശങ്ങളിൽ നിന്നും എത്തിയവരെ കൃത്യമായ രീതിയിൽ വീടുകളിൽ നിരീക്ഷണത്തിൽ നിർത്തുന്നതിനും ഇവർക്കാവശ്യമായ നിർദ്ദേശങ്ങളും, സംശയ നിവാരണത്തിനും, നിരീക്ഷണത്തിനും ബന്ധപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും ആരോഗ്യ സന്നദ്ധ പ്രവർത്തകർക്കും പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം 24/02/2020 വരെ ആകെ 3980 പേരെ വിവിധ ജില്ലകളിലായി നിരീക്ഷണത്തിൽ വയ്ക്കുകയുണ്ടായി. അതിൽ 3845 പേരെ നിരീക്ഷണകാലം പൂർത്തിയാക്കിയ മുറയ്ക്ക് ഒഴിവാക്കുകയും ചെയ്തിരുന്നു. നിലവിൽ 135 പേരാണ് നിരീക്ഷണത്തിലുള്ളത്. 128 പേർ വീടുകളിലും 7 പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. ആകെ 441 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 3 പേർക്കു മാത്രമാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. |

→

ഇവരുമായി അടുത്ത് സമ്പർക്കം പുലർത്തിയ എല്ലാവരെയും കോണ്ടാക്റ്റ് ട്രേസിംഗിലൂടെ വളരെ വേഗം കണ്ടെത്തുവാനും രോഗലക്ഷണങ്ങൾ ഉള്ളവരെ ബന്ധപ്പെട്ട ആശുപത്രികളിലെത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും മറ്റുള്ളവരെ വീട്ടുകളിൽ തന്നെ പ്രത്യേകം നിരീക്ഷണത്തിൽ വയ്ക്കുവാനും സാധിച്ചത് ഡോക്ടർമാരുടെയും നഴ്സുമാരുടെയും വിവിധ പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെയും ഫീൽഡ് വിഭാഗം ആരോഗ്യ സന്നദ്ധ പ്രവർത്തകരുടെയും സമയബന്ധിതമായ പ്രവർത്തനങ്ങൾ കൊണ്ടു മാത്രമാണ്. ഇത് രോഗവ്യാപനവും, മരണവും തടയുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നുള്ളത് സംശയാതീതമാണ്.

**ഡി)** എല്ലാ സജ്ജീകരണങ്ങളോടും കൂടിയ വൈറോളജി ലാബ് സംസ്ഥാനത്ത് ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇതുവരെ അത് പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ലായെന്നതും, ഇപ്പോഴും രോഗബാധ സ്ഥിരീകരണത്തിന് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ആശ്രയിക്കേണ്ടി വരുന്നുവെന്നതും വസ്തുതയല്ലേ;

**ഇ)** എങ്കിൽ സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എത്രയും പെട്ടെന്ന് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഡി) യും ഇ) യും** പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിലെ യൂണിറ്റിൽ കൊറോണ വൈറസ് രോഗ സ്ഥിരീകരണം നടത്തുവാൻ ഇപ്പോൾ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**